പയാമെ ഇൻസാനിയത്ത് (2)

# സ്രഷ്ടാവിനോട് ഭയഭക്തി,
# സൃഷ്ടികളോട് സ്നേഹാദരങ്ങൾ.!

അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി

**PAYAME INSANIYATH ۱**

**BY, MOULANA SAYYID ABUL HASAN ALI NADWI**

**PUBILISHER: MUFAKKIRUL ISLAM FOUNDATION KOZHIKODE**

**DISTRIBUTOR: SAYYIDHASANI ACADEMY, DARUL ULOOM OACHIRA**

# അവതാരിക

അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വി
(ചെയർമാൻ, ആൾ ഇന്ത്യാ പയാമെ ഇൻസാനിയത്ത് ഫോറം)

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. സഹകരണം മനുഷ്യന്റെ പ്രധാന പ്രത്യേകതയാണ്. എന്നാൽ സഹകരണത്തിന്റെ മാനദണ്ഡമാണ് സമൂഹത്തിലെ നന്മ-തിന്മകളുടെ അടിസ്ഥാനം. അത് നന്നാകുന്നതിനനുസരിച്ച് പ്രയോജനപ്രദമായ പരിണിത ഫലങ്ങളും സുന്ദരമായ അവസ്ഥകളും സംജാതമാകുന്നതാണ്. ഇത്തരുണത്തിൽ, സഹകരണത്തിന്റെ വളരെ ഉത്തമമായ ഒരു മാനദണ്ഡമാണ് മാനവികത. റസൂലുല്ലാഹി ﷺ വിടവാങ്ങൽ ഹജ്ജിൽ നടത്തിയ പ്രഭാഷണത്തിൽ പ്രസ്താവിച്ചു: ''നിങ്ങളെല്ലാവരും ആദമിന്റെ സന്തതികളാണ്. വെളുത്തവനും കറുത്തവനും അറബിക്കും അനറബിയ്ക്കും ഇടയിൽ യാതൊരു അന്തരവുമില്ല.'' മുഴുവൻ മനുഷ്യരെയും ഒരുപോലെ കാണാനും ഒരുപോലെ കണ്ട് അവരോട് വർത്തിക്കാനും തങ്ങൾ ഉപദേശിച്ചു.

പഴയ കാലഘട്ടത്തിൽ, കുടുംബബന്ധത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സഹകരണം. കാരണം ഒരു കുടുംബാംഗങ്ങൾ ഒരിടത്ത് ഒതുങ്ങിയതിനാൽ, അവരുടെ പ്രശ്നങ്ങളും ഒരുപോലെയായിരുന്നു. അവർക്കിടയിൽ, വ്യത്യാസങ്ങളില്ലാത്തതിനാൽ ഭിന്നതകളും കുറവായിരുന്നു. എന്നാൽ പിൽക്കാലങ്ങളിൽ സാംസ്കാരിക-നാഗരികതകൾ ആധിപത്യം സ്ഥാപിച്ചു. മനുഷ്യന്റെ സാമൂഹ്യഘടനകളിൽ മാറ്റം സംഭവിച്ചു. ജീവിതാവശ്യങ്ങൾക്കായി മനുഷ്യർ പലയിടങ്ങളിൽ പരന്നതിനാൽ, കുടുംബപരമായ സാമൂഹ്യജീവിതം പരിമിതമായ സ്ഥലങ്ങളിൽ ഒതുങ്ങി. ജോലിയുടെയും മറ്റും നാഗരിക ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രാദേശികമായ സാമൂഹ്യ രീതി നിലവിൽ വന്നു. ഈ സാമൂഹ്യക്രമത്തിൽ, വിവിധ കുടുംബക്കാരും വ്യത്യസ്ത വിഭാഗക്കാരും വിഭിന്നമതക്കാരും ഇട കലർന്ന് താമസിക്കാൻ തുടങ്ങി. വിവിധ ഭിന്നതകളുടെ അടിസ്ഥാനത്തിൽ അഭിപ്രായ വ്യത്യാസങ്ങളും പ്രശ്നങ്ങളും ഉടലെടുക്കാൻ സാധ്യത വർദ്ധിച്ചു. ഇത്തരുണത്തിൽ, വിവിധ മതങ്ങളുടെയും ഗോത്രങ്ങളു

ടെയും സംസ്കാരങ്ങളുടെയും പേരിൽ പരസ്പരം ബന്ധം തകരാതെ നോക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് ഏറ്റവും പ്രയോജനപ്രദമായ മാർഗമാണ് മാനവികതയുടെ അടിസ്ഥാനത്തിലുള്ള ബന്ധം. മുഴുവൻ മനുഷ്യരും ആദം സന്തതികളാണ്. ഈ അടിസ്ഥാനത്തിൽ പരസ്പരം സഹോദരങ്ങളാണ്. ഒരുമിച്ച് ഒരു നാട്ടിൽ താമസിക്കുന്നതിനാൽ അയൽവാസികളുമാണ്. ഒരാളുടെ മതവും കുടുംബവും ജാതിയും എന്തുമാകട്ടെ അദ്ദേഹം മനുഷ്യനാണെന്ന പരിഗണനയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ നോക്കിക്കാണേണ്ടതാണ്. ഇത്തരം ഒരു സാമൂഹ്യഘടന വളരെ വ്യക്തമായി നിലനിൽക്കുന്ന ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യ.

ഇവിടെ വിവിധ മതങ്ങളും വിഭാഗങ്ങളുമുണ്ട്. ഇവിടെ ഏറ്റവും ആവശ്യവും പ്രയോജനകരവുമായ ബന്ധം, മാനുഷികബന്ധം തന്നെയാണ്. ഈയൊരു ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇന്ത്യയെ പോലുള്ള ഒരു രാജ്യത്തിന് ഏകാഗ്രതയോടും നിർമ്മാണാത്മക ശൈലിയിലും പുരോഗമിക്കാനും അപകട- നാശങ്ങളിൽ നിന്നും സുരക്ഷിതമായിരിക്കാനും സാധിക്കുകയുള്ളൂ. ഈയൊരു ബന്ധത്തെ തകർക്കാതിരുന്നാൽ മറ്റ് ബന്ധങ്ങൾ തകരാതെ തന്നെ പരസ്പര സഹകരണം സാധ്യമാകുന്നതാണ്. എന്നാൽ ഈ ബന്ധം തകർത്ത് കളഞ്ഞാൽ, രാജ്യത്ത് മറ്റെന്ത് പുരോഗമന പ്രവർത്തനങ്ങൾ നടന്നാലും യാതൊരു ഗുണവുമുണ്ടാകുന്നതല്ല. നാമൊന്ന് സങ്കൽപ്പിക്കുക. ഒരു വീട് ചെറ്റക്കുടിലാണ്. സൗകര്യങ്ങൾ കുറവാണ്. പക്ഷെ, അംഗങ്ങൾക്കിടയിൽ സഹകരണമുണ്ട്. മറ്റൊരു വീട് വിശാലമാണ്. സൗകര്യങ്ങൾ കൂടിക്കൊണ്ടിരിക്കുന്നു. പക്ഷെ, അംഗങ്ങൾക്കിടയിൽ സഹകരണമില്ല. ഇതിൽ ഒന്നാമത്തെ ഭവനം ഇഹലോകത്തെ സ്വർഗ്ഗവും രണ്ടാമത്തെ ഭവനം നരകവുമാണ്.

ഇന്ത്യ, ഹിന്ദുവിന്റെയും മുസ്ലിമിന്റെയും സിഖുകാരുടെയും ക്രൈസ്തവരുടെയും എല്ലാവരുടെയും നാടാണ്. ഇവർ എല്ലാവരുടെയും പരിശ്രമ ഫലമായാണ് ഈ നാട് സ്വതന്ത്രമായത്. ഇന്ത്യക്കാരെല്ലാവരും അവരവരുടെ വിശ്വാസ ദർശനങ്ങളിൽ ബന്ധപ്പെട്ടുകൊണ്ട് തന്നെ, മുഴുവൻ ഇന്ത്യക്കാരുടെയും സുരക്ഷയ്ക്കും പുരോഗതിക്കും വേണ്ടി പരിശ്രമിക്കൽ, നമ്മുടെ വലിയ ഒരാവശ്യമായിരുന്നു. മാനുഷിക ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, സാമൂഹ്യ ജീവിതം സുന്ദരമാക്കാൻ നാം മുന്നിട്ടിറങ്ങേണ്ടിയിരുന്നു. ഇന്ത്യയുടെ ഭര

ണഘടനയും ഈ വിഷയത്തിൽ വളരെ വ്യക്തവുമാണ്. പക്ഷെ, ഖേദപൂർവ്വം പറയട്ടെ, സ്വാതന്ത്ര്യത്തിന് ശേഷം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കുടുംബ-മത-ജാതി ബന്ധങ്ങളെ കൂടുതലായി പരിഗണിക്കപ്പെട്ടു. ഇക്കാരണത്താൽ, രാഷ്ട്രത്തിന്റെ നന്മയ്ക്ക് കോട്ടം സംഭവിച്ചു. മത വിഭാഗീയതകളുടെ പ്രശ്നങ്ങളും സംഘട്ടനങ്ങളും വർദ്ധിച്ചു. മാനുഷിക ബന്ധം ബലഹീനമായി. ഏകാഗ്രതയോടെയുള്ള രാഷ്ട്രീയ മുന്നേറ്റത്തിന് ഇത് വലിയ തടസ്സം സൃഷ്ടിച്ചു. നാമെല്ലാവരും തിരുത്തേണ്ട ഒരു ബലഹീനതയും, ന്യൂനതയുമാണിത്. പക്ഷെ, വലിയ വലിയ ബുദ്ധിജീവികൾ പോലും ഈ വിഷയത്തെ ഗൗരവമായി കണ്ടില്ല. ഓരോരുത്തരും ഏതെങ്കിലും പരിമിതമായ ചിന്തയിൽ തങ്ങളെ തളച്ചിട്ടു.

മൗനാലാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി, അടിസ്ഥാന പരമായ മതത്തിന്റെയും വിജ്ഞാനത്തിന്റെയും വക്താവായിരുന്നു. മത വൈജ്ഞാനിക മേഖലകളിൽ വളരെ കൂടുതലായി ബന്ധപ്പെട്ട് കഴിഞ്ഞിരുന്നു. പക്ഷെ, അദ്ദേഹത്തിന് ഉപരിസൂചിത വിഷയത്തിൽ ശക്തമായ ചിന്തയുണ്ടായി. ഓരോരുത്തരും അവനവൻ തിരഞ്ഞെടുത്ത മത തത്വങ്ങളിൽ ഉറച്ച് നിന്നുകൊണ്ട് തന്നെ, മാനുഷിക ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സഹകരിക്കേണ്ടത് എല്ലാവരുടെയും നന്മയ്ക്ക് ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഇസ്‌ലാമികമായി നോക്കുമ്പോൾ ഇത് തിരുനബി മുഹമ്മദുർ റസൂലുല്ലാഹി ﷺ യുടെ പ്രധാന അധ്യാപനവുമാണ്. ജാഹിലിയ്യാ കാലഘട്ടത്തിൽ പരസ്പരം പോരടിച്ച് തളർന്ന ഖുറൈശികൾ ഒരിക്കൽ, ഖുറൈശീ പ്രമുഖനായ ഇബ്നു ജദ്ആന്റെ വീട്ടിൽ ഒരുമിച്ച് കൂടി ഇപ്രകാരം ഒരു ശപഥം ചെയ്തു: ''മക്കയിലുള്ള മക്കക്കാരും അല്ലാത്തവരുമായ എല്ലാ മർദ്ദിതനും നീതി ലഭിക്കുന്നത് വരെ നാം അദ്ദേഹത്തെ അനുകൂലിച്ച് പോരാടും.'' റസൂലുല്ലാഹി ﷺ ഇതിൽ സജീവമായി പങ്കെടുത്തു. പ്രവാചകത്വലബ്ധിക്കു ശേഷം തങ്ങൾ അരുളി: ''ചുവന്ന ഒട്ടകങ്ങൾ എനിക്കു ലഭിക്കുന്നതിനെക്കാൾ പ്രിയംകരമായ ഒരു ശപഥത്തിൽ ഇബ്നു ജദ്ആന്റെ വീട്ടിൽ വെച്ച് ഞാൻ പങ്കെടുത്തു. അത്തരമൊരു ശപഥത്തിന് ഇപ്പോൾ ക്ഷണിക്കപ്പെട്ടാലും ഞാൻ ഉത്തരം നൽകുന്നതാണ്. ചുരുക്കത്തിൽ, മാനുഷിക സ്നേഹവും സഹാനുഭൂതിയും ഉണ്ടാക്കിയെടുക്കൽ ഇന്നത്തെ വലിയൊരു ആവശ്യമാണെന്ന് മഹാനവർകൾക്ക് മനസ്സിലായി.

അങ്ങിനെ ഇതിനായി ഒരു പ്രവർത്തനം ആരംഭിച്ചു. അതിന്റെ പേരാണ് ''പയാമെ ഇൻസാനിയത്ത്'' മാനവികതയുടെ സന്ദേശം.

വിവിധങ്ങളായ മറ്റ് പല തിരക്കുകൾ ഉണ്ടായിരുന്നിട്ടും മൗലാനാ മർഹൂം ഈ വിഷയത്തിനായി ഇന്ത്യ മുഴുവൻ സഞ്ചരിച്ചു. നേതാക്കന്മാർക്കും പ്രധാനമന്ത്രി, മുഖ്യമന്ത്രിമാർക്കും വിശദമായ കത്തുകളെഴുതി. ഉജ്ജ്വലമായ പ്രഭാഷണങ്ങൾ നടത്തി. അവകളിലെല്ലാം വലിയ വേദനയും ആത്മാർത്ഥതയും നിറഞ്ഞു നിന്നിരുന്നു. അവയിലൂടെ ആയിരങ്ങളുടെ കണ്ണും കാതും മനസ്സും ഉണർന്നു. അവസാനം ആ മനുഷ്യ സ്നേഹി നാമെല്ലാവരെയും ദുഃഖത്തിലാഴ്ത്തി നമ്മോട് വിടപറഞ്ഞു. പക്ഷെ, മൗലാനയുടെ മഹത്തായ പ്രവർത്തനം ഇന്നും എന്നും ഈ നാട്ടിൽ ആവശ്യമാണ്. അതിലൂടെ മാത്രമേ സന്തുലിതവും ശാന്തവുമായ അവസ്ഥ ഇവിടെ നിലനിൽക്കുകയുള്ളൂ. എല്ലാവിധ പ്രവർത്തനങ്ങളുടെയും അടിസ്ഥാനപരമായ ഒരു ആവശ്യമാണിത്.

നിരവധി നൻമകൾ അവശേഷിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലും ഈ പ്രവർത്തനം വളരെ ആവശ്യമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു പ്രധാന രചനയാണിത്. അല്ലാഹു ഇതിനെ സ്വീകരിക്കുമാറാകട്ടെ! മൗലാനാ മർഹൂമിന്റെ സ്വർഗ്ഗീയ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ! വിവർത്തകനെയും പ്രസാധകരെയും പ്രചാരകരെയും അനുഗ്രഹിക്കട്ടെ.! നമുക്കേവർക്കും ഉത്തമ ഗുണങ്ങൾ കനിഞ്ഞരുളട്ടെ.! ആമീൻ.

## സ്രഷ്ടാവിനോട് ഭയഭക്തി,
## സൃഷ്ടികളോട് സ്നേഹാദരങ്ങൾ.!

### ചരിത്രാവലോകനം

മനുഷ്യൻ ഈ ലോകത്ത്, അടുത്ത സമയത്ത് ഉണ്ടായ പുതിയ ജീവിയല്ല. ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യൻ ഇവിടെ വസിക്കുന്നു. അവന്റെ ചരിത്രം നോക്കിയാൽ ഒരുകാര്യം മനസ്സിലാകും. മനുഷ്യചരിത്രം ജലത്തിന്റെ ഉപരിതലം പോലെ സദാ ഒരു നിലയിലായിരുന്നില്ല. അതിൽ ധാരാളം കയറ്റങ്ങളും ഇറക്കങ്ങളും ഉണ്ടായിട്ടുണ്ട്. ചിലയിടങ്ങളിൽ മനുഷ്യൻ ഉയർന്ന് നിൽക്കുമ്പോൾ മറ്റ് ചിലയിടങ്ങളിൽ മനുഷ്യൻ താഴ്ന്ന് കിടക്കുന്നു. ചിലവേള, അത് മനുഷ്യന്റെ ചരിത്രമല്ല, രക്തദാഹികളുടെയും മൃഗങ്ങളുടെയും ചരിത്രമാണെന്ന് തോന്നിപ്പോകും. അത് വായിക്കുന്നവർ, മനുഷ്യരിൽ ഇത്തരം ആളുകളും ഉണ്ടായിട്ടുണ്ടല്ലോ എന്ന് ഓർത്ത് ലജ്ജിക്കുന്നതാണ്. നമ്മെക്കുറിച്ചുള്ള വിലയിരുത്തൽ അടുത്ത തലമുറയായിരിക്കും നടത്തുക. എന്നാൽ കഴിഞ്ഞ് കടന്നവരെക്കുറിച്ച് അവരെങ്ങനെ ഉള്ളവരായിരുന്നു എന്ന് തീരുമാനമെടുക്കുന്നത് ഇന്നുള്ളവരാണ്. കഴിഞ്ഞ കാലത്തെക്കുറിച്ച് പഠിക്കുമ്പോൾ ചില ദുരന്തപൂർണമായ നാളുകൾ നമ്മുടെ ദൃഷ്ടിയിൽപ്പെടും. നമുക്ക് കഴിയുമായിരുന്നെങ്കിൽ ചരിത്രത്തിൽ നിന്നും ആ താളുകൾ നാം കീറിക്കളയുമായിരുന്നു. മക്കളുടെ കൈയ്യിൽ അത് കൊടുക്കുമായിരുന്നില്ല. ചുരുക്കത്തിൽ, ചരിത്രത്തിൽ ദുരന്ത പൂർണമായ ചില ഘട്ടങ്ങൾ കഴിഞ്ഞിട്ടുണ്ട്. ആ ചരിത്രങ്ങൾ വിവരിക്കലല്ല നമ്മുടെ വിഷയം. അവയുടെ അടിവേരുകൾ എന്തായിരുന്നു എന്നാണ് നാം നോക്കേണ്ടത്. സമൂഹം തിന്മയിലേക്ക് ചായുന്നത് വരെ സമൂഹത്തെ വഴിതെറ്റിക്കുക സാധ്യമല്ല.

ഏതെങ്കിലും ചില വ്യക്തികളെയോ ചിലപ്പോൾ ഒരു വ്യക്തിയെയോ മാത്രം സമൂഹത്തിന്റെ നാശകാരണമായി ചിത്രീകരിക്കലാണ്, സാധാരണ രീതി. ഏതാനും വ്യക്തികൾ ഒരു സമൂഹത്തെ മുഴുവൻ

തിന്മയിലേക്ക് തിരിച്ചുവിട്ടുവെന്ന് പൊതുവിൽ പറയപ്പെടാറുണ്ട്. ഈ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. ചരിത്ര പഠനത്തിന്റെ വെളിച്ചത്തിൽ പറയട്ടെ, ഒരു മത്സ്യം കുളത്തെ നാശമാക്കിയാലും, ഒരു വ്യക്തിക്ക് സമൂഹത്തെ നാശമാക്കാൻ കഴിയുന്നതല്ല. നല്ല സമൂഹത്തിൽ ഒരു മോശപ്പെട്ടവന് ജീവിക്കുകപോലും സാധ്യമല്ല. വെള്ളമില്ലാത്ത മത്സ്യം പിടഞ്ഞു മരിക്കുന്നതുപോലെ തിന്മയെ സ്വീകരിക്കാനും പിന്തുണ നൽകാനും തയ്യാറല്ലാത്ത സമൂഹത്തിൽ തിന്മ, പിടച്ച് ശ്വാസംമുട്ടി മരിച്ചുപോകുന്നതാണ്.

എല്ലാ കാലത്തും നല്ലവരും ദുഷിച്ചവരും ഉണ്ടായിട്ടുണ്ട്. എന്നാൽ, മുഴുവൻ തിന്മകളുടെയും ഉത്തരവാദിത്വം ദുഷിച്ചവരുടെ തലയിൽ മാത്രം വെച്ചു കെട്ടുന്നത് ശരിയല്ല. ദുഷിച്ചവർക്ക് കുറച്ച് സ്വാധീനം ലഭിച്ചെന്ന് വെച്ച് സമൂഹത്തിന്റെ നിയന്ത്രണം പൂർണമായും അവരുടെ കയ്യിലാണെന്നും അവർ വിചാരിക്കുന്നിടത്തേക്കു വളയം തിരിച്ചുവിടുന്നതാണെന്നും ധരിക്കുന്നത് തെറ്റാണ്. മറിച്ച് ഒരു സമൂഹത്തിന്റെ നാശത്തിന്റെ അടിസ്ഥാന കാരണം തന്നെ, പൊതുവായ നാശമാണ്. അവരുടെ അകം നാശമായി. അവരിൽ തിന്മയിലേക്ക് താൽപര്യം ജനിച്ചു. അവർ സ്വാർത്ഥരും സ്വയം പൂജകരുമായി. മനസ്സ് മലിനവും പാപപങ്കിലവുമായവരെ, തടഞ്ഞുനിർത്തുക സാധ്യമല്ല. അവരെ ചങ്ങലയിൽ ബന്ധിപ്പിച്ചാലും പാപത്തിൽ നിന്നും അവർ മാറുന്നതല്ല.

## സ്വാർത്ഥനായ മനുഷ്യൻ

ഞങ്ങളും ഞങ്ങളുടെ ബന്ധുമിത്രങ്ങളും മാത്രമാണ് മനുഷ്യർ. മറ്റെല്ലാവരും ഞങ്ങളുടെ സേവകരാണ് എന്ന് ധരിക്കുന്ന ആളുകൾ എക്കാലവും ലോകത്തുണ്ടായിട്ടുണ്ട്. കോടിക്കണക്കിന് ജനങ്ങൾ ലോകത്ത് വസിക്കുന്നത് അവർ കാണാറുണ്ടെങ്കിലും തങ്ങളുടെ പരിമിതമായ ആളുകളെ മാത്രമേ അവർ മനുഷ്യരായി കാണുകയുള്ളൂ. ഈ ലോകത്ത് തങ്ങളുടെ കുടുംബത്തിൽപ്പെട്ട പത്ത്-ഇരുപത് പേർ മാത്രമേ ജീവിക്കാവൂ എന്നാണ് അവരുടെ ധാരണ. തങ്ങളുടെയും കുടുംബത്തിന്റെയും പ്രശ്നങ്ങൾ കാണാൻ അവർക്ക് സൂക്ഷ്മദർശിനി ഉണ്ട്. മറ്റുള്ളവരെ കാണാൻ അവരുടെ കണ്ണ് പോലും തുറക്കില്ല. ചിലർക്ക് രണ്ട് കണ്ണടകൾ കാണും. ഒന്നിലൂടെ സ്വന്തം കാര്യവും മറ്റൊന്നിലൂടെ മറ്റുള്ളവരുടെ കാര്യങ്ങളും അവർ നോക്കുന്നതാണ്. ഒന്നിലൂടെ അവരുടെ ചെറിയ കാര്യങ്ങളെ പർവ്വതവും, മറ്റുള്ളവരുടെ

വലിയ കാര്യങ്ങളെ ധാന്യമണിയുമായി അവർ കാണുന്നതാണ്.

## അവസ്ഥ നന്നാക്കാനുള്ള വിവിധ അഭിപ്രായങ്ങൾ

ലോകത്തുണ്ടാകുന്ന ഇത്തരം നാശകരമായ അവസ്ഥകൾ നന്നാക്കാൻ മനുഷ്യർ വിവിധ പദ്ധതികൾ ചിന്തിച്ചെടുക്കുകയും പ്രായോഗികവൽക്കരിക്കാൻ ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ചിലർ പറഞ്ഞു: ''മനുഷ്യന് വയർ നിറയെ ആഹാരം ലഭിക്കാത്തതാണ് നാശങ്ങളുടെ അടിസ്ഥാന കാര ണം.'' അവർ ഇതിനെ മുന്നിൽ വെച്ചുകൊണ്ട് പരിശ്രമിച്ചു എന്നാൽ ഇതിലൂടെ പാപം പെരുകാൻ തുടങ്ങി. കാരണം മുമ്പ് മനുഷ്യൻ ബലഹീനമായിരുന്നു. പാപവും ബലഹീനമായിരുന്നു. എന്നാൽ ജീവഹാരം (ഢശമേഹശ്യേ) നൽകപ്പെട്ടപ്പോൾ പാപവും ശക്തി പ്രാപിച്ചു. മനസ്സും ചിന്തയും മാറാതെ ശക്തി മാത്രം കൂടിയപ്പോൾ പാപത്തിന്റെ ശക്തിയും വർദ്ധിച്ചു. മുൻപ് കീറിപ്പറഞ്ഞ വസ്ത്രത്തിൽ നടന്നിരുന്ന തിന്മകൾ, മിന്നിത്തിളങ്ങുന്ന തുണിത്തരങ്ങളിലായി. മുൻപ് ബലഹീനമായ കാരണങ്ങളിലൂടെ നടന്ന പാപങ്ങൾ, ഇപ്പോൾ ശക്തിമത്തായ കൈകളിലൂടെയായി.

മറ്റ് ചിലർ പറഞ്ഞു: ''അജ്ഞതയാണ് അടിസ്ഥാനം. അത് കൊണ്ട് വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കണം.'' അങ്ങനെ വിജ്ഞാനം വർദ്ധിച്ചു. ജനങ്ങൾ നവന്യൂതന അറിവുകളും ഭാഷകളും കരസ്ഥമാക്കി. എന്നാൽ മനസ്സ് നാശമാവുകയും ബുദ്ധി വളയുകയും മനം പാപപങ്കിലമാകുകയും ചെയ്ത മനുഷ്യർ, അറിവിനെ നാശത്തിനുള്ള മാധ്യമമാക്കി. കള്ളൻ ഇരുമ്പ് പണി പഠിച്ചാൽ അവന് പൂട്ട് പൊളിക്കാൻ എളുപ്പമാകുമല്ലോ.! അതെ, ദൈവ ഭയവും മാനവ സ്നേഹവും ഇല്ലാത്ത അക്രമികൾക്ക് അറിവ്, അക്രമ-നാശങ്ങളുടെ ആയുധം മാത്രമാണ്. അത് അവർക്ക് പാപങ്ങളുടെ പുതിയ ശൈലികൾ പഠിപ്പിച്ച് കൊടുക്കുന്നതാണ്.

മറ്റൊരു കൂട്ടർ പറഞ്ഞു: ''സംഘടിത ശക്തിയാണ് പ്രശ്ന പരിഹാരത്തിന്റെ വഴി.'' അവരുടെ ശേഷികൾ മുഴുവൻ ജനങ്ങളെ സംഘടിപ്പിക്കാൻ അവർ ചിലവഴിച്ചു. തൽഫലമായി, പിഴച്ച വ്യക്തികളുടെ പിഴച്ചകൂട്ടം നിലവിൽ വന്നു. ഇന്നലെ വരെ, അസംഘടിതമായി നടന്നിരുന്ന പാപങ്ങൾ ഇന്ന് സംഘടിതമായി നടക്കാൻ തുടങ്ങി. സംഘടിത ഗൂഢാലോചനകളിലൂടെ മോഷണങ്ങളും കൊള്ളയും കൊലയും നടമാടി. ജനങ്ങളുടെ മനസ്സുകൾ ശുദ്ധീകരിക്കുകയോ സ്വഭാവം സംസ്കരിക്കുകയോ ചെയ്യാതെ, കണ്ണിൽ കണ്ടവരെ

യെല്ലാം പിടിച്ച് സംഘടിപ്പിച്ചപ്പോൾ, ദുഃസ്വഭാവങ്ങൾക്ക് പുതിയ ശക്തി ലഭിച്ചു. കൊള്ളക്കാർക്കും കള്ളന്മാർക്കും ദുഃസ്വഭാവികൾക്കും സംഘടിതശക്തി ലഭിക്കാതിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

വേറെ ചിലർ പറഞ്ഞു: ''ഭാഷകളുടെ വൈവിധ്യവും ആധിക്യവുമാണ് പ്രശ്നങ്ങളുടെ മൂലകാരണം. അത്കൊണ്ട് ഭാഷകളെല്ലാം ഒന്നും സംയുക്തവുമായി തീരണം. ഇതിലാണ് രാജ്യപുരോഗതിയും ജനതയുടെ അഭിവൃദ്ധിയും'' എന്നാൽ മനുഷ്യരിലും മനുഷ്യചിന്തകളിലും മാനസിക താല്പര്യങ്ങളിലും മാറ്റമുണ്ടായിട്ടില്ലെങ്കിൽ ഭാഷമാത്രം ഒന്നാകുന്നതിൽ എന്ത് ഗുണമാണുള്ളത്.? ലോകത്തുള്ള കള്ളന്മാരും അക്രമികളും ഒരൊറ്റ ഭാഷ തിരഞ്ഞെടുത്താൽ ലോകത്തിന് എന്ത് ഗുണം.? അത് കൊണ്ട് മോഷണവും അക്രമവും ഇല്ലാതാകുമോ.? ഇല്ല, വർദ്ധിക്കുമെന്നാണ് എന്റെ അനുമാനം.

മറ്റൊരു കൂട്ടർ പറഞ്ഞു: 'ഇന്നത്തെ ഏറ്റവും വലിയ ആവശ്യം സംസ്കാര-നിയമങ്ങൾ ഒന്നാകലാണ്.' എന്നാൽ, ഇവിടുത്തെ പ്രശ്നം സംസ്കാരങ്ങൾക്കിടയിലുള്ള സംഘട്ടനമല്ല സ്വാർത്ഥതകൾക്കിട യിലുള്ള പിടിവലിയാണെന്ന് അവർ മനസ്സിലാക്കുന്നില്ല. ''ഞാനാണ് എല്ലാം, അല്ലാത്തതെല്ലാം ഒന്നുമല്ല.'' എന്ന നാശകരമായ ചിന്തകൾക്കിടയിലാണ് ഇവിടെ പോരാട്ടം നടക്കുന്നത്. ലോകം മുഴുവൻ ഒരൊറ്റ സംസ്കാരമായി തീർന്നാൽ മാനവികതയുടെ നൗക തീരമണിയുമെന്നും, ഒരു രാജ്യത്തിന്റെ സംസ്കാരം ഒന്നായി തീർന്നാൽ രാജ്യ നിവാസികളെല്ലാം ഏകോദര സഹോദരങ്ങളാകുമെന്നും നമ്മുടെ നിരവധി നേതാക്കൾ ചിന്തയില്ലാതെ പറയാറുണ്ട്. എന്നാൽ, സംസ്കാര-നിയമങ്ങൾ ഒന്നാകലല്ല, മനസ്സുകൾ ഒന്നാകലാണ് പ്രയോജനപ്രദം.! ജനങ്ങളുടെ മനസ്സുകൾ ഒന്നാകാതെ, ഭാഷയും സംസ്കാരവും നിയമങ്ങളും മാത്രം ഒന്നാകുന്നത് കൊണ്ട് യാതൊരു ഗുണവുമില്ല. ഇന്ന് തന്നെ ഒരു ഭാഷയും സംസ്കാരവുമുള്ള ജനങ്ങൾക്കിടയിൽ ആത്മാർത്ഥമായ സ്നേഹവും ഐക്യവും കാണപ്പെടുന്നുണ്ടോ.? അവർ പരസ്പരം അക്രമ-വഞ്ചനകൾ കാട്ടാതിരിക്കുന്നുണ്ടോ.? അവർ പരസ്പരം പോരടിക്കാറില്ലേ.?

വേറൊരു കൂട്ടർ പറഞ്ഞു: ''വേഷം ഒന്നായി തീർന്നാൽ പ്രശ്നങ്ങൾ അവസാനിക്കും. എന്നാൽ മറ്റുള്ളവരുടെ കുത്തിന് പിടിത്തവും പോക്കറ്റടിയും പതിവാക്കിയവർ വസ്ത്രത്തെ ആദരിക്കുമോ.? തന്റേതുപോലുള്ള വസ്ത്രമാണ് അപരന്റെ മേലുള്ളത് എന്ന കാരണത്താൽ

അവൻ ദുരുദ്ദേശത്തിൽ നിന്നും പിൻമാറുമോ.? മാനവികതയെ ആദരിക്കാത്തവൻ വസ്ത്രത്തെ എങ്ങനെ ആദരിക്കാനാണ്.?

## മനസ്സിന് മാറ്റമുണ്ടാകാതെ, ജീവിതത്തിന് മാറ്റമുണ്ടാകുന്നതല്ല.

ചുരുക്കത്തിൽ, മാനവികതയുടെ പ്രശ്നങ്ങളുടെ പരിഹാരം വസ്ത്രത്തിന്റെയോ ഭാഷാ-നിയമ- സംസ്കാരങ്ങളുടെയോ രാജ്യത്തിന്റെയോ ഏകത്വത്തിലല്ല. വിജ്ഞാനം, സമ്പത്ത്, സംഘടന, ശക്തി, മാധ്യമങ്ങൾ ഇവയുടെ ആധിക്യത്തിലുമല്ല. ലോകത്തെ മാറ്റിമറിക്കാൻ പറ്റിയ ഒരു ശക്തിയും ഇവ ഒന്നിലുമില്ല. ഹൃദയത്തിന്റെ ലോകത്തിന് മാറ്റമുണ്ടാകുന്നത് വരെ, പുറം ലോകത്തിന് മാറ്റമുണ്ടാകുന്നതല്ല. മുഴുവൻ ലോകത്തിന്റെയും അച്ചുതണ്ട് മനുഷ്യമനസ്സാണ്. ലോകത്തിന്റെ മുഴുവൻ നാശങ്ങളും മനസ്സിന്റെ നാശത്തിൽ നിന്നുമാണ് ആരംഭിക്കുന്നത്. മത്സ്യം ചീയുന്നത് തലയിൽ നിന്നുമാണെങ്കിൽ മനുഷ്യൻ ചീഞ്ഞ് തുടങ്ങുന്നത് മനസ്സിൽ നിന്നുമാണ്. ഇത് എല്ലായിടങ്ങളിലും പടർന്ന് പിടിക്കുന്നതാണ്.

## പ്രവാചകർ മനസ്സുകളിൽ മാറ്റമുണ്ടാക്കുന്നു.

സത്യദൂതന്മാർ പ്രവർത്തനം ആരംഭിക്കുന്നത് മനസ്സിൽ നിന്നുമാണ്. പ്രശ്നങ്ങളുടെയെല്ലാം അടിവേര് മനസ്സ് ആണെന്ന് അവർ മനസ്സിലാക്കി. മനസ്സ് നാശമായതിനാൽ അതിനുള്ളിൽ കളവും അക്രമവും വഞ്ചനയും കയറിക്കൂടിയിരിക്കുകയാണെന്നും ദുരാഗ്രഹങ്ങളുടെ പ്രേതം ബാധിച്ചിരി ക്കുകയാണെന്നും മനസ്സിന്റെ പ്രേരണകൾക്കനുസരിച്ചാണ് ശരീരം ചലിക്കുന്നതെന്നും അവർ തിരിച്ചറിഞ്ഞു. മാനവ മനസ്സിനെ കഴുകി ശുദ്ധീകരിക്കലാണ് പ്രഥമവും പ്രധാനവുമായ കർത്തവ്യമെന്ന് അവർ ഗ്രഹിച്ചു.

അവർ ജനങ്ങളുടെ പട്ടിണിയും പരിവട്ടവും കണ്ടിരുന്നു. അത് കാണുമ്പോൾ അവരുടെ മനം ദുഃഖിച്ചിരുന്നത് പോലെ ലോകത്ത് ആരുടെയും മനസ്സ് ദുഃഖിക്കുന്നതല്ല. ജനങ്ങൾ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ അവർക്ക് ആഹാരം കഴിക്കൽ ബുദ്ധിമുട്ടായിരുന്നു. പക്ഷെ, യാഥാർത്ഥ്യ ബോധമുള്ളവരായ അവർ ദാരിദ്ര്യത്തെ ഒരു പ്രശ്നമാക്കി കാണിച്ച്, അതിന് പിന്നാലെ കൂടിയില്ല. കാരണം ദാരിദ്ര്യം നാശത്തിന്റെ അടിസ്ഥാന കാരണമല്ല. നാശത്തിന്റെ പരിണിതഫലമാണെന്ന് അവർ മനസ്സിലാക്കിയി രുന്നു. ജനങ്ങൾക്ക് വയർ നിറയ്ക്കാൻ ആഹാരം എത്തിച്ചു കൊടുത്താൽ, പ്രശ്നത്തി

ന്റെ താൽക്കാലിക പരിഹാരം മാത്രമേ ആകുകയുള്ളൂ എന്നും, മറ്റുള്ളവരുടെ ക്ഷാമാവസ്ഥ കണ്ടുകൊണ്ടിരിക്കാൻ സാധിക്കാതെ സ്വന്തം ആഹാരം അവർക്കെടുത്തുകൊടുക്കുന്ന മാനസികാവസ്ഥ ജനങ്ങളിൽ ഉണ്ടാ ക്കിയെടുക്കലാണ് പ്രശ്നത്തിന്റെ ശാശ്വത പരിഹാരമെന്നും അവർ മനസ്സിലാക്കി.

ഇന്ന് ദാരിദ്ര്യ നിർമ്മാർജനത്തിന് ജനങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗം ആഹാരസാധനങ്ങൾ സമാഹരിച്ച് വിതരണം ചെയ്യലാണ്. എന്നാൽ, മനസ്സിൽ മാറ്റമുണ്ടാവാതെ ആഹാരസാധനങ്ങൾ സമാഹരിക്കുകയും വിതരണം നടത്തുകയും ചെയ്താൽ പ്രശ്നം തീരുന്നതല്ലെന്ന് ഓർക്കുക. കാരണം മറ്റുള്ളവരുടെ സഞ്ചിയിലെ ആഹാരം സ്വന്തം സഞ്ചിയിലെത്തിക്കാനും സമ്പത്ത് എല്ലാ സ്ഥലങ്ങളിലും നിന്നും കുത്തിയൊലിച്ച് തന്റെ കാൽക്കീഴിലേക്കു വരുത്താനും സാമർത്ഥ്യമുള്ള ജനങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. കാന്ത സ്വഭാവമുള്ള (ങമഴില)േ സമ്പന്നരും വ്യാപാരികളും ഇന്നും ധാരാളമുണ്ടല്ലോ.? സമ്പത്തുകളെല്ലാം തങ്ങളുടെ വീട്ടിൽ ഒരുമിച്ച് കൂടണമെന്നാണ് അവരുടെ മോഹം. ജനങ്ങളുടെ ചില്ലിക്കാശുകൾ പോലും അവരുടെ സഞ്ചിയിൽ കൊണ്ടിടാൻ നിർബന്ധിതരാക്കുന്ന വലകൾ അവർ വിരിച്ചു കഴിയുകയാണ്. ഇത്തരം ജനങ്ങൾക്കിടയിൽ മനസ്സ് മാറ്റാനാണ് പ്രവാചകന്മാർ മുൻഗണന കൊടുക്കുന്നത്. അവർ മനസ്സുകളിൽ ആത്മത്യാഗത്തിന്റെയും സ്നേഹാനുകമ്പയുടെയും സഹാനുഭൂതിയുടെയും ആത്മാവ് പകർന്നു കൊടുക്കുന്നു. അതിലൂടെ ജനങ്ങൾക്ക് മറ്റുള്ളവരുടെ ജീവിതം സ്വന്തം ജീവിതത്തേക്കാൾ പ്രിയങ്കരമാകും. സ്വന്തം ജീവൻ ത്യജിച്ച് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കും. സ്വന്തം മക്കളെ വിശപ്പോടെ ഉറക്കി മറ്റുള്ളവരുടെ വയർ നിറയ്ക്കും. അപകടങ്ങളിലേക്ക് എടുത്ത് ചാടി മറ്റുള്ളവരെ അതിൽ നിന്ന് രക്ഷിക്കും.

## രണ്ട് സംഭവങ്ങൾ

എന്റെ ഈ വാക്കുകൾ കേട്ട് നിങ്ങൾ ആശ്ചര്യപ്പെടേണ്ടതില്ല. ചരിത്ര സംഭവങ്ങളിലേക്കുള്ള സൂചനകളാണ് ഈ പറഞ്ഞത്. ചരിത്രത്തിൽ ഇത്തരം നിരവധി സംഭവങ്ങൾ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഫിലിമുകളിലും സീനുകളിലും അഭിനയിച്ചു കാണിക്കപ്പെടുന്ന സാങ്കല്പിക കഥകളെക്കാളെല്ലാം ആശ്ചര്യ ജനകമാണ് പ്രസ്തുത സംഭവങ്ങൾ. ഉദാഹരണത്തിന് രണ്ട് സംഭവങ്ങൾ ശ്രദ്ധിക്കുക:

മുഹമ്മദുർറസൂലുല്ലാഹി ﷺ ഈ ലോകത്തുനിന്നും വിടപറഞ്ഞ ശേഷം നടന്ന സംഭവമാണ് ഒന്ന്. ഒരു മുസ്‌ലിം തന്റെ മുറിവേറ്റ സഹോദരനെത്തേടി ദാഹമുണ്ടെങ്കിൽ ശമിപ്പിക്കാം എന്ന ആഗ്രഹത്തിൽ കുറച്ച് വെള്ളവുമായി പുറപ്പെട്ടു. പരിക്കേറ്റവരിൽ വളരെ ദാഹിച്ചു കിടക്കുന്ന തന്റെ സഹോദരനെ കണ്ടെത്തിയ അദ്ദേഹം പാനപാത്രം സഹോദരന് നൽകി. എന്നാൽ മുറിവേറ്റ സഹോദരൻ അത് സ്വീകരിക്കുന്നതിന് മുമ്പ് മറ്റൊരാളിലേക്ക് ആംഗ്യം കാണിച്ചു. ആദ്യം അയാളെ കുടിപ്പിക്കാൻ പറഞ്ഞു. സംഭവം ഇവിടംകൊണ്ട് അവസാനിച്ചിരുന്നുവെങ്കിൽ അതുതന്നെ മനുഷ്യത്വത്തിന്റെ ഔന്നിത്യം വിളിച്ചറിയിക്കുന്നതിന് മതിയായിരുന്നു. പക്ഷെ, സംഭവം ഇവിടെയും തീർന്നില്ല. രണ്ടാമന് പാനപാത്രം നൽകപ്പെട്ടപ്പോൾ അദ്ദേഹം മൂന്നാമനിലേക്ക് ആംഗ്യം കാണിക്കുന്നു. അങ്ങനെ പാത്രം കറങ്ങിത്തിരിഞ്ഞ് ഒന്നാമനിലേക്ക് എത്തിയപ്പോൾ അദ്ദേഹം മരിച്ച് കഴിഞ്ഞിരുന്നു. രണ്ടാമനിലേക്കും മൂന്നാമനിലേക്കും എത്തിയപ്പോൾ അവരും യാത്ര തിരിച്ചിരുന്നു. അവർ മരിച്ചുപോയെങ്കിലും ചരിത്രത്തിൽ ഒരു അവിസ്മരണീയ ചിത്രം രേഖപ്പെടുത്തിയാണ് പോയിരിക്കുന്നത്. അതെ, സ്വന്തം സഹോദരന്റെ വയർ കുത്തിക്കീറുകയും വായിൽ നിന്നും റൊട്ടിക്കഷണം പിടിച്ചെടുക്കു കയും ചെയ്യുന്ന ഇന്നത്തെ ലോകത്തിന് ഒരു പ്രകാശഗോപുരം തന്നെയാണ് ഈ സംഭവം.

ഒരിക്കൽ, മുഹമ്മദുർറസൂലുല്ലാഹി ﷺയുടെ അരികിൽ ഏതാനം അതിഥികൾ എത്തി. തങ്ങളുടെ പക്കൽ ആഹാരത്തിന് ഒന്നുമില്ലായിരുന്നു. തങ്ങൾ ചോദിച്ചു: ഇവരെ ആരാണ് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകുക.? ഒരു സ്വഹാബിയായ അബൂത്വൽഹ അൻസാരി സന്നദ്ധനായി. അതിഥികളെ കൂട്ടിക്കൊണ്ട് പോയി. വീട്ടിൽ ആഹാരം കുറവായിരുന്നു. കുഞ്ഞുങ്ങളെ കിടത്തിയുറക്കി. ആഹാരം അതിഥികൾക്കു മുന്നിൽ വെച്ച്, വിളക്ക് അണച്ച് കളയാൻ അവർ തീരുമാനിച്ചു. അങ്ങനെ തന്നെ അവർ ചെയ്തു. അതിഥികൾ വയറ് നിറച്ച് കഴിച്ചു. അബൂത്വൽഹ വിശന്ന് കഴിഞ്ഞു. വീട്ടുകാർ ഭക്ഷിക്കാതെ ഇരിക്കുകയാണെന്ന കാര്യം ഇരുട്ടിനിടയിൽ അതിഥികൾ അറിഞ്ഞതുമില്ല.

## മാനവികതയുടെ വൃക്ഷത്തിന്റെ വളർച്ച അകത്തുനിന്നുമാണ്.

ചുരുക്കത്തിൽ, പ്രവാചകന്മാർ മനുഷ്യരുടെ മനസ്സിലാണ് മാറ്റം ഉണ്ടാക്കുന്നത്. ബാഹ്യഭാഗം നന്നാക്കാനും പരിശ്രമിച്ചിരുന്നു. പക്ഷേ, അതിനെക്കാളും കൂടുതൽ ശ്രദ്ധ പതിപ്പിച്ചത് അകത്താണ്. കാരണം, പുറം അകത്തെയാണ് പിൻപറ്റുന്നത്. ഒരാളുടെ മനസ്സിന് മാറ്റമുണ്ടായിട്ടില്ലെങ്കിൽ അയാളുടെ ഒന്നും മാറിയിട്ടില്ല. ലോകം നാശമായി, കാലം മോശമായി എന്ന് ജനങ്ങൾ പറയുന്നു. എന്നാൽ ഇതു ശരിയല്ല. മോശമായതും നാശമായതും മനുഷ്യരാണ്. ഭൂമിയുടെ അവസ്ഥയിലോ കാറ്റിന്റെ ശക്തിയിലോ വല്ല മാറ്റവും വന്നിട്ടുണ്ടോ.? സൂര്യൻ ചൂടും പ്രകാശവും നൽകുന്നില്ലേ.? ആകാശത്തിന് മാറ്റം വല്ലതും ഉണ്ടായോ.? ഭൂമിയുടെ നെഞ്ചിൽ നിന്നും ഇന്നും ധാന്യങ്ങളും പഴങ്ങളും സ്വർണ്ണങ്ങളും നിർഗളിക്കുന്നില്ലേ.? പിന്നെ മാറ്റം ആർക്കാണ്.? അത് വിതരണം ചെയ്യുന്ന മനുഷ്യർക്കാണ് മാറ്റം. അവർ തങ്ങളുടെ ആവശ്യങ്ങൾ പറയാൻ തുടങ്ങിയാൽ പത്രക്കടലാസുകളും പുസ്തകകെട്ടുകളും നിറഞ്ഞ് കവിയും. മറ്റുള്ളവരുടെ ആവശ്യങ്ങൾ എണ്ണിത്തിട്ടപ്പെടുത്താനിരുന്നാൽ മുഴുവൻ ഗണിത ശാസ്ത്രത്തി ന്റെയും (ഇക്കണോമിക്സ്) സാമർത്ഥ്യം പ്രകടിപ്പിച്ചുകൊണ്ട് അത് ചുരുക്കുന്നു.! ഈ മാനസികാവസ്ഥ നിലനിൽക്കുന്ന കാലമെല്ലാം മാനവികത അസ്വസ്ഥമായിക്കൊണ്ടിരിക്കും. പ്രവാചകന്മാർ മനസ്സുകൾക്ക് മരുന്ന് നൽകിയെങ്കിൽ, നാം പുറം മോടിപിടിപ്പിക്കാനുള്ള ശ്രമത്തിൽ മാത്രം മുഴുകിയിരിക്കുകയാണ്. മാനവികതയുടെ വൃക്ഷം അകത്തുനിന്നും ഉണങ്ങുകയും ചിതലരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, കാലഘട്ടത്തിന്റെ ബുദ്ധിരാക്ഷസർ, പുറത്ത് വെള്ളം തളിക്കുന്നു. വൃക്ഷത്തിനകത്തെ ശക്തി ക്ഷയിച്ചുകഴിഞ്ഞു. പക്ഷെ, ജനങ്ങൾ ഇലകൾ ഹരിതാഭമായിരിക്കാൻ ഗ്യാസ് അടിക്കുകയാണ്. പ്രവാചകന്മാർ അകത്തെ നാശങ്ങളിൽ കണ്ണുനട്ടു. മനുഷ്യനെ മനുഷ്യനാക്കാൻ വിശ്വാസത്തിന്റെ ഇഞ്ചക്ഷൻ മനസ്സുകൾക്ക് നൽകി. അവർ ഉണർത്തി; ''സ്വയം മറന്ന് പോയ മനുഷ്യാ, നിന്റെ സ്രഷ്ടാവിനെ നീ തിരിച്ചറിയുക. അതെ, ഉറക്കമോ മയക്കമോ ഇല്ലാത്ത പരിപാലകനെ സദാ ധ്യാനിക്കുക.''

## മാനവികതയുടെ ശരിയായ പ്രതിനിധികൾ.

ചുരുക്കത്തിൽ, മനുഷ്യന്റെ മനസ്സിൽ നിന്നും സ്നേഹത്തിന്റെയും

സഹാനുഭൂതിയുടെയും ആവേശം ഉറവ പൊട്ടിയൊലിക്കുന്നത് വരെ, മാനവികതയുടെ നിർമ്മാണം അസാദ്ധ്യമാണ്. സത്യദൂതന്മാർ ഈ വഴിയിലൂടെ ശിക്ഷണം നൽകി. വെറും നിയമങ്ങളുടെ ലോകത്ത് നിന്ന് കറങ്ങുന്നതിന് പകരം, മനുഷ്യമനസ്സുകളിൽ യഥാർത്ഥ മനുഷ്യത്വത്തിന്റെ അംശങ്ങൾ ഉണ്ടാക്കിയെടുത്തു. അങ്ങിനെ ശരിയായ മാനവികതയുടെ പ്രതിനിധികളെ അവർ തയ്യാറാക്കി. ഞങ്ങൾ വയറിന്റെയോ സ്വാർത്ഥതയുടെയോ സമ്പത്തിന്റെയോ അധികാരികളുടെയോ കുടുംബ മിത്രങ്ങളുടെയോ അടിമകളല്ലെന്ന് ജീവിതത്തിലൂടെ പ്രഖ്യാപിച്ചിരുന്ന ഒരു സമൂഹം നിലവിൽ വന്നു.

## പ്രവാചകന്മാരുടെ ജീവിതം

എല്ലാവർക്കും ഗുണം ചെയ്യുന്നവരും സ്വയം മറന്നവരുമായ ഒരുകൂട്ടം ആളുകൾ ഒരു രാജ്യത്ത് ഉണ്ടായാൽ മാത്രമേ ആ രാജ്യം രക്ഷപ്പെടുകയുള്ളൂ. ഇത്തരം ആളുകളുടെ തുടക്കം പ്രയാസകര മായിരിക്കുമെങ്കിലും അന്ത്യം സുന്ദരമായിരിക്കുന്നതാണ്. ജയി ലുകളിൽ കിടന്നും മറ്റും കഷ്ടപ്പെട്ടുകൊണ്ട് സാമൂഹ്യ സേവനം നടത്തിയ നിരവധി ആളുകൾ അവസാനം, അധികാര പീഠങ്ങളിൽ ഇരിക്കുന്ന ചിത്രമാണ് പറഞ്ഞ് തരുന്നത്. തീർച്ചയായും അവർ അതിനു തികച്ചും അർഹരുമാണ്. എന്നാൽ ഈ വിഷയത്തിലും പ്രവാചകവര്യന്മാരുടെ അവസ്ഥ വ്യത്യസ്ഥമാണ്. മറ്റുള്ളവരുടെ സുഖ-സന്തോഷങ്ങൾക്കായി മാത്രം സ്വയം ദുരിതപൂർണ്ണമായ ജീവിതം നയിച്ച ആ മഹത്തുക്കൾ, അതിന് പകരം മാലോകരിൽ നിന്നും ഒന്നും വാങ്ങാതെയാണ് ഇഹലോകവാസം വെടിഞ്ഞത്. അവരുടെ യഥാർത്ഥ അനുഗാമികളുടെ അവസ്ഥയും ഇതുതന്നെ. അവർ ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം അനുഗ്രഹവർഷമുണ്ടായി. അവർ നട്ടുപിടിപ്പിക്കുകയും രക്തംകൊണ്ട് നനച്ച് വളർത്തുകയും ചെയ്ത തോട്ടത്തിൽ നിന്നും, ലോകം ഇന്നും ഭക്ഷിച്ചു കൊണ്ടിരിക്കു ന്നു. അവർ മറ്റുള്ളവരുടെ വീടുകളിൽ വിളക്ക് കത്തിച്ചു. എന്നാൽ അവരുടെ അന്ത്യനേരം അവരുടെ വീടുകളിൽ ഇരുട്ടായിരുന്നു. മുഹമ്മദുർറസൂലുല്ലാഹി ﷺയിലൂടെയുള്ള പ്രകാശം, കുടിലിലും കൊട്ടാരത്തിലും ഒരുപോലെ പ്രകാശിച്ചു. പക്ഷെ, അന്ത്യനിമിഷ ങ്ങളിൽ തിരുഭവനത്തിൽ ഇരവ് വാങ്ങപ്പെട്ട വിളക്കാണ് കത്തിയി രുന്നത്. തങ്ങൾ ﷺ അരുളി: ഞങ്ങൾ നബിമാർ, ആരുടെയും അനന്തരാവകാശികളല്ല. ഞങ്ങൾക്കും അനനന്തരാവ കാശികൾ

ആരുമില്ല. നാം വിട്ടിട്ടുപോകുന്നതെല്ലാം ദാനമാണ്. മറ്റൊരിക്കൽ അരുളി: ആരെങ്കിലും മരിച്ചാൽ അയാളുടെ അനന്തര സ്വത്ത്, അതിന്റെ അവകാശികൾക്കുള്ളതാണ്. അവർ അത് എടുത്തു കൊള്ളട്ടെ. നമുക്ക് അതിൽ നിന്നും ഒരു പൈസ പോലും വേണ്ട. എന്നാൽ, അയാൾക്ക് കടബാധ്യത വല്ലതുമുണ്ടെങ്കിൽ അത് ഞാൻ ഏറ്റെടുക്കുന്നു. അത് ഞാൻ നിർവ്വഹിച്ചുകൊടുത്തുകൊള്ളാം. ലോകത്തുള്ള ഏതെങ്കിലും രാജാവോ മന്ത്രിയോ ഈ മാതൃക കാണിച്ചിട്ടുണ്ടോ.?

തിരുനബിയുടെ ജീവിതം മനുഷ്യത്വത്തിന്റെ മഹത്തായ ദർശനമാണ്. സ്നേഹ-സഹാനുഭൂതികളും ആത്മ ത്യാഗവുമല്ലാതെ മറ്റൊന്നും ആ ജീവിതത്തിൽ കാണാൻ കഴിയില്ല. അവിടുന്ന് അറേബ്യയിലെ ഏക ചക്രവർത്തിയായിരുന്നു. അതെ, മനുഷ്യമനസ്സുകളിൽ സ്വാധീനം ചെലുത്തിയ ചക്രവർത്തി.! പക്ഷെ, ഭൗതിക മേന്മകളിൽ നിന്നും തുണിത്തുമ്പ് സംരക്ഷിച്ച് തങ്ങൾ കടന്നുപോയി. തങ്ങൾ മാത്രമല്ല, തങ്ങളുമായി അടുപ്പമുള്ളവരുടെയും കാര്യം ഇങ്ങനെ തന്നെയായായിരുന്നു.

സ്നേഹിതരെ, വീണ്ടും പ്രസ്തുത മനസ്സും ജീവിതവും വ്യാപകമാകണം. മാനവികതയെ നിഷ്കളങ്കമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന സ്വഭാവം പരക്കണം. മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി സ്വന്തം നഷ്ടം സഹിക്കുന്ന അവസ്ഥ സംജാതമാകണം. അപകട ഘട്ടങ്ങളിൽ മുന്നിട്ടിറ ങ്ങുകയും ലാഭമേഖലകളിൽ നിന്നും അകന്ന് കഴിയുകയും ചെയ്യുന്ന ഒരു സമൂഹം നിലവിൽ വരണം. ഞങ്ങളുടെ ഏറ്റവും വലിയ ഒരാഗ്രഹമാണിത്.

### ആഗ്രഹപൂർത്തീകരണം, സമാധാനത്തിന്റെ മാർഗ്ഗമല്ല.

എല്ലാ സമൂഹങ്ങളെയും വിഭാഗങ്ങളെയും പരിപൂർണ്ണമായി തൃപ്തിപ്പെടുത്തുകയും ആഗ്രഹങ്ങൾ പൂർത്തീകരിച്ചുകൊടുക്കുകയും ചെയ്യുക എന്ന പാശ്ചാത്യവീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ ഭരണകൂടങ്ങളെല്ലാം പ്രവർത്തിക്കുന്നത്. എന്നാൽ ഒരിക്കലും ഇത് നന്മയുടെയും സമാധാനത്തിന്റെയും മാർഗ്ഗമല്ല. ഒരു വ്യക്തിയുടെ ആഗ്രഹങ്ങൾ പോലും ഇവിടെ പൂർണ്ണമായി പൂർത്തീകരിക്കപ്പെടുന്നതല്ല. കാരണം ആഗ്രഹങ്ങൾക്ക് യാതൊരു അന്ത്യവുമില്ലല്ലോ.? ലോകമാകട്ടെ, തികച്ചും പരിമിതവുമാണ്.!

മനുഷ്യന്റെ ആഗ്രഹങ്ങളെല്ലാം ന്യായവും പ്രകൃതിപരവുമാണെ

ന്നതാണ് ചില വലിയ നേതാക്കളുടെ അഭിപ്രായം.! അതനുസ രിച്ചാണ് ലോകം ഇന്ന് നീങ്ങിക്കൊണ്ടിരിക്കു ന്നതും. എന്നാൽ ഇതാണ് ഇന്നത്തെ നാശങ്ങളുടെ മൂലകാരണം. ആഗ്രഹങ്ങളുടെ പൂർത്തീകരണം കൊണ്ട് മനുഷ്യന് ഒരിക്കലും മതിവരുന്നതല്ല. അതിലൂടെ ആഗ്രഹങ്ങൾക്ക് കുറവോ മനസ്സിൽ സമാധാനമോ ഉണ്ടാകുന്നതുമല്ല. സമുദ്രജലം പോലെയാണ് മനുഷ്യന്റെ ആഗ്രഹം. അത് കുടിക്കും തോറും ദാഹം വർദ്ധിക്കുകയേ ഉള്ളൂ. വ്യക്തികളും സമൂഹങ്ങളും ന്യൂനപക്ഷങ്ങളും ഭൂരിപക്ഷങ്ങളും ആവശ്യപ്പെടുന്ന തെറ്റും ശരിയുമായ സർവ്വ ആവശ്യങ്ങളും ഭരണകൂടങ്ങൾ ഇന്ന് പൂർത്തീകരിച്ച് കൊടുക്കുന്നു. ശാന്തിയും സമാധാനവുമാണ് അവരുടെ ലക്ഷ്യം. പക്ഷേ ഫലം നേരെ മറിച്ചാണ്. ഇന്ന് എല്ലാഭാ ഗത്തും ആഗ്രഹങ്ങളുടെ അഗ്നിപർവ്വതങ്ങൾ ആളിക്കത്തുകയാണ്. അതിൽ എണ്ണയൊഴിച്ച് അതിനെ ഒന്നുകൂടി ആളിക്കത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിന്റെ ജ്വാലകൾ മാനംമുട്ടെ ഉയർന്ന് കഴിഞ്ഞു. നിരവധി നാടുകളേയും സമൂഹങ്ങളേയും അത് വിഴു ങ്ങാൻ അടുത്തിരിക്കുന്നു. ''നരകാഗ്നിയിലെ ഇന്ധനം മനുഷ്യരും കല്ലുകളുമാണ്.'' എന്ന നരകത്തിന്റെ ദൃഷ്യങ്ങൾ ഇഹലോകത്ത് തന്നെ പ്രത്യക്ഷപ്പെട്ട് തുടങ്ങി. ഇതിനെക്കുറിച്ച് എല്ലാവരും പരാതി പറയുന്നുണ്ട്. ആരാണ്, എന്താണ് എണ്ണയൊഴിച്ച് ഇന്ധനമിട്ട് അത് കത്തിച്ചതെന്ന് ചിന്തിക്കുന്നില്ല. അതെ, ആഗ്രഹപൂർത്തീക രണത്തിന്റെ പരിണിതഫലമാണിതെല്ലാം.

ഇവിടെ ഒരു തമാശകൂടി നടക്കുന്നുണ്ട്. സമൂഹത്തിന്റെ സർവ്വ ആഗ്രഹങ്ങളും ന്യായമായി കാണുന്ന ഇക്കൂട്ടർ സ്വന്തം സന്താനങ്ങ ളുടെ വിഷയത്തിൽ ഈ നിലപാട് കൈക്കൊള്ളുന്നില്ല. അവരുടെ നിരവധി തെറ്റായ ആഗ്രഹങ്ങൾക്ക് അവർ മൂക്ക് കയറിടാറുണ്ട്. മക്കൾ തീയിൽ കളിക്കാൻ ഉദ്ദേശി ക്കുമ്പോൾ അതിന് അനുമതി നൽകാത്തവർ. പക്ഷെ, സമൂഹങ്ങളുടെ സർവ്വ ആവശ്യങ്ങളും പൂർ ത്തീകരിച്ച് കൊടുക്കാൻ സന്നദ്ധരാണ്. തങ്ങളുടെ മക്കളോടുള്ള സ്നേഹം ഇവർക്ക് സമൂഹത്തോടില്ലെന്നാണ് ഇതിന്റെ അർത്ഥം.

സമൂഹത്തിന്റെ ഈ തെറ്റായ നീക്കത്തിനെതിരിൽ നീങ്ങാൻ വ്യക്തികളോ സംഘങ്ങളോ മുന്നോട്ട് വരാത്തതും ദുഃഖകരമാണ്. മനുഷ്യരുടെ പരിധിവിട്ട സുഖ-സന്തോഷങ്ങളെ വിമർശിക്കാനും നാശകരമായ കളിതമാശകളും ദൃശ്യ-ശ്രാവ്യ തിന്മകളും തിരുത്താ

നം ആരും തയ്യാറാകുന്നില്ല. ജനങ്ങളുടെ കോപവും അതൃപ്തിയും സമ്പാദിക്കേണ്ടി വരുമെന്നാണ് എല്ലാവരുടെയും ഭയം.

## പ്രവാചകരുടെ പ്രവർത്തനം

പടച്ച തമ്പുരാന്റെ സന്ദേശവാഹകരായ പ്രവാചകന്മാരുടെ പാത ഇതിൽ നിന്നും വ്യത്യസ്ഥമാണ്. ന്യായവും അന്യായവുമായ സർവ്വ ആഗ്രഹങ്ങളും പൂർത്തീകരിച്ച് സമാധാനിപ്പിക്കുന്നതിന് പകരം അവർ ആഗ്രഹങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. അവർ മനസ്സുകൾ സംസ്കരിച്ചു. അതിലൂടെ ജീവിതത്തിൽ മിതത്വവും മനസ്സിൽ സമാധാനവും ഉണ്ടായി. ന്യായമായ ആഗ്രഹങ്ങൾ മാത്രം പൂർത്തീകരിച്ചാൽ മതിയെന്ന മാനസികാവസ്ഥ നിലവിൽ വന്നു. തീർച്ചയായും ഇന്നത്തെ പാഠശാലകളും ഗവേഷണ കേന്ദ്രങ്ങളും ശാസ്ത്രവിജ്ഞാനങ്ങളും ലോകത്തിന് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അവയിലൂടെ അത്ഭുതാവഹമായ ധാരാളം കണ്ടുപിടുത്തങ്ങൾ നടന്നു. പക്ഷെ, അവയൊന്നും മനുഷ്യന്റെ മനസ്സ് സംസ്കരിച്ചില്ല. മറിച്ച്, സ്വാതന്ത്ര്യത്തിന്റെ കവാടങ്ങൾ തുറന്നു കൊടുത്തു. കുട്ടികളുടെ കയ്യിൽ ആയുധം നൽകി. അവരത്, സ്വതന്ത്രമായി പ്രയോഗിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ പ്രവാചകന്മാർ ആഗ്രഹങ്ങൾ സന്തുലിതമാക്കി. സ്വന്തം ആഗ്രഹം പൂർത്തീകരിക്കണമെന്ന ചിന്തയ്ക്ക് പകരം, പടച്ചവനെ പൊരുത്തപ്പെടുത്തണമെന്ന വിചാരം ശക്തമാക്കി. മനുഷ്യസ്നേഹവും ദീനാനുകമ്പയും പ്രദാനം ചെയ്തു. അവർ നവനൂതന വസ്തുക്കളൊന്നും നിർമ്മിച്ചില്ല. പക്ഷെ, നല്ലൊരു മനസ്സും മസ്തിഷ്കവും നൽകി. അതിലൂടെ നിർമ്മിത വസ്തുക്കൾ ശരിയാംവിധം ഉപയോഗിക്കാനുള്ള യോഗ്യത ഉണ്ടായിത്തീർന്നു. അവർ മനുഷ്യ മനസ്സുകളിൽ അടിയുറച്ച ദൈവവിശ്വാസം നൽകി. ലോക ഫാക്ടറികളിൽ നിന്നും എല്ലാം കിട്ടിയാലും അടിയുറച്ച ദൈവ വിശ്വാസവും ഭയവും പ്രവാചകന്മാരുടെ കൈയ്യിൽ നിന്നേ കിട്ടുകയുള്ളൂ. ഇന്നത്തെ ലോകത്തിന്റെ നഷ്ടവും ഇത് തന്നെയാണ്. പടച്ചവനെ ഭയപ്പെടുന്നവർ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അതുള്ളവർ മാത്രമേ, പടച്ചവന്റെ കൂട്ടുകുടുംബമായ മാനവരാശിയെ നിഷ്കാമമായി സേവിക്കുകയുള്ളൂ. രാഷ്ട്രീയ മുദ്രാവാക്യങ്ങൾ, ഭരണകൂട താത്പര്യങ്ങൾ, കുതന്ത്രങ്ങൾ, ഇവയിൽ നിന്നെല്ലാം അവർ അകന്ന് നിന്ന് മാനവികതയെ നിഷ്കളങ്കമായി സേവിക്കും. അത്തരം സേവകരെയാണ്

ഇന്ന് ലോകത്തിന് ആവശ്യമുള്ളത്. അതെ, കയ്യിൽ ഭൗതികമായ ഒന്നുമില്ലാതിരുന്നിട്ടും ഒന്നും വാങ്ങാതെ കൊടുക്കുവാൻ മാത്രം ആഗ്രഹിക്കുന്നവർ, ഇത്തരമൊരു ആവേശം ഉണ്ടാക്കിയെടുക്കലാണ് 'പയാമെ ഇൻസാനിയത്ത്' (മാനവികതയുടെ സന്ദേശം) എന്ന ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

ഇന്നത്തെ ലോകത്ത് ഈ ശബ്ദം പുതിയതാണെങ്കിലും യഥാർത്ഥത്തിൽ ഇത് പുതിയ കാര്യമല്ല. ലോകത്ത് വന്ന സത്യദൂതന്മാരെല്ലാം നിരന്തരം ഉണർത്തിയ ഒരു സന്ദേശമാണിത്. അവസാനമായി, ഇതേ വിഷയം ഏറ്റവും കൂടുതൽ ശക്തവും വ്യക്തവുമായ നിലയിൽ മുഹമ്മദുർ റസൂലുല്ലാഹി ﷺ ലോകത്തിന് സമർപ്പിച്ചു. ഓരോ കവലകളിലും പ്രചരിപ്പിക്കപ്പെടേണ്ട ഒരു യാഥാർത്ഥ്യമാണിത്. ജീവിതമെന്നാൽ ആഹാര-പാനീയങ്ങളുടെയോ ഭൗതി-മൃഗീയ താത്പര്യങ്ങളുടെയോ പേരല്ല. ജനങ്ങൾ ഇന്ന് വയറിന് ചുറ്റും കറങ്ങുകയാണ്. യഥാർത്ഥ ജീവിതം ശ്വാസംമുട്ടി മരിച്ച് കൊണ്ടിരിക്കുന്നു. മനുഷ്യത്വത്തിന്റെ നിധി നഷ്ടപ്പെട്ടിരിക്കുന്നു. ഇത് ഒരു സത്യസന്ധമായ സന്ദേശമാണ്. ഇന്നത്തെ ലോകത്തിന് ഇത് അപരിചിതമാണെങ്കിലും നമുക്ക് ലോകം അപരിചിതമല്ല. മനുഷ്യരിൽ ഇന്നും മനസ്സുണ്ട്. അത് മരിച്ചിട്ടില്ല. അതിന് ചുറ്റും പൊടിപടലങ്ങൾ കൂടിയിരിക്കുകയാണ്. അത് ശുദ്ധീകരിച്ചാൽ, സത്യം സ്വീകരിക്കാനുള്ള മാനസികാവസ്ഥ ഇന്നും ഉണ്ടായിത്തീരുന്നതാണ്.

# പയാമെ ഇൻസാനിയ്യത്ത്,
# മാനവതാ സന്ദേശം. ഉദ്ദേശ ലക്ഷ്യങ്ങൾ

**1.** നാം എല്ലാവരും മനുഷ്യരും ഒരു നാട്ടുകാരുമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ പരസ്പരം വിശ്വാസവും സ്നേഹാദരവുകളും വളർത്താനും അകൽച്ചകളും ശത്രുതകളും ഇല്ലാതാക്കാനും പരിശ്രമി ക്കുക. ഇതിനുവേണ്ടി സന്ദർശനങ്ങൾ നടത്തുകയും സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ഉത്തമ രചനകൾ പ്രചരിപ്പിക്കുകയും ചെയ്യുക.

**2.** സേവന പ്രവർത്തനങ്ങളിലൂടെ പരസ്പരം അടുക്കുകയും അടുപ്പി ക്കുകയും ചെയ്തുകൊണ്ട് ജീവിതത്തിന്റെ യഥാർത്ഥ സുഖസന്തോ ഷങ്ങൾ അനുഭവിക്കുക.

**3.** വർഗ്ഗീയത, സാമ്പത്തിക അസമത്വം, കൈക്കൂലി, നഗ്നത പ്രകടനം മുതലായ തിന്മകൾക്കും അക്രമങ്ങൾക്കും എതിരിൽ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് പരിശ്രമിക്കുക.

**4.** അക്രമപരമായ പരിപാടികളും പ്രവർത്തനങ്ങളും തടയുക.

**5.** മർദ്ദിതരും സാധുക്കളുമായ സഹോദരങ്ങളെ ജാതിമത വിത്യാ സമില്ലാതെ സഹായിക്കുക.

**6.** വിദ്യാർത്ഥി ജനതയെ പ്രത്യേകിച്ചും സൽഗുണസമ്പന്നരായി വാർത്തെടുക്കാൻ വിവിധ രീതികളിൽ പരിശ്രമിക്കുക.

**7.** നാം ഓരോരുത്തരും ബന്ധപ്പെട്ട സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സൗഹാർദ്ധ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാനും നിലനിർത്താനും വളർത്താനും പരിശ്രമിക്കുക.

ഇക്കാര്യങ്ങൾക്ക് തയ്യാറുള്ള സഹോദരങ്ങൾ ഇടയ്ക്കിടയ്ക്ക് കൂടി ഇരിക്കുകയും ചെയ്യാനുള്ള കാര്യങ്ങളെ ആലോചിക്കുകയും ചെയ്തത് വിലയിരുത്തുകയും ചെയ്യുക.

സഹായങ്ങൾക്ക്:
പയാമെ ഇൻസാനിയ്യത്ത് ഫോറം ദാറുൽ ഉലൂം ഓച്ചിറ.
ഫോൺ: 7736723639, 9847502729